നിലവിൽ ഉണനിലവാര പരിശോധന നടത്തിവരുന്നു. ആയുർവ്വേദ വിഭാഗത്തിനായി സ്വതന്ത്ര ചുമതലയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിൽ കൈക്കൂലി വാങ്ങുന്നത്

92 (4895) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിൽ രോഗികളിൽ നിന്നും അവിടത്തെ ജീവനക്കാർ ഇനം തിരിച്ചു കൈക്കൂലി വാങ്ങുന്നതായി, കൈക്കൂലി പട്ടിക ഉൾപ്പെടെ, മലയാള മനോരമ ദിനപത്രം വാർത്ത പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അഴിമതിയെ കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ നടപടി എടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയ ശ്രീമതി എൽ. ഗീത, നഴ്സിംഗ് അസിസ്റ്റന്റിനെ പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലേയ്ക്കും ശ്രീമതി എഫ്. മുംതാസ്, നഴ്സിംഗ് അസിസ്റ്റന്റിനെ പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്കും അടിയന്തരമായി സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി വിഷയത്തെക്കുറിച്ച് വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആയുർവ്വേദ കോളേജ് വിജിലൻസ് ഓഫീസർ ഡോ. ജോളിക്കുട്ടി ഈപ്പനേയും ഫാർമക്കോഗ്നസി സീനിയർ റിസർച്ച് ഓഫീസർ (ബോട്ടണി) ശ്രീ. ജയകുമാർ, ആയുർവ്വേദ കോളേജ് മാനേജർ ശ്രീ. സുരേഷ് കുമാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ പുനഃസംഘടന

93 (4896) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ആയുർവേദ മേഖലയിൽനിന്ന് ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ എന്നിവരെ ഒഴിവാക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(ബി) കൗൺസിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി മേൽപറഞ്ഞവരെ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നിലവിലുണ്ടായിരുന്ന കൗൺസിലിന്റെ കാലാവധി 19-10-2014-ൽ അവസാനിച്ചതിനെ തുടർന്ന് ഇക്കാര്യം പരിശോധിക്കുകയും 7-5-2015-ലെ സ.ഉ.(പി)നമ്പർ95/2015/ആ.ക.വ പ്രകാരം ടി കൗൺസിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 7-5-2015-ലെ സ.ഉ.(പി)നമ്പർ 95/2015/ ആ.ക.വ. പ്രകാരം പുനഃസംഘടിപ്പിച്ച ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ എന്നിവരെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

അവശ്യ മരുന്നുകളുടെ വില

94 (4897) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അവശ്യമരുന്നുകളുടെ വില നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും മരുന്നു വില നിയന്ത്രിക്കുന്നതിന് മരുന്നുകമ്പനികളുടെ മേൽ എന്തെല്ലാം നിയന്ത്രണാധികാരങ്ങളാണ് സംസ്ഥാന സർക്കാരിനുള്ളതെന്നും വ്യക്തമാക്കുമോ ;

ഉത്തരം

ജീവൻരക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. മരുന്നുകളുടെ വിലനിയന്ത്രണത്തിന് സംസ്ഥാന സർക്കാരിന് അധികാരമൊന്നും തന്നെയില്ല. പരമാവധി വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള മരുന്നുകളുടെ വിൽപ്പന വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly